അംഗൻവാടി വർക്കർമാർക്കുള്ള ഓണറേറിയം

165 [2645] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കുള്ള ഓണറേറിയം എത്രയെന്ന് അറിയിക്കുമോ;

(ബി) ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ എത്രയായി വർദ്ധിപ്പിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവരം ചുവടെ ചേർത്തിരിക്കുന്നു:

1. നോൺ-മെട്രിക്കുലേറ്റ്—1238 രൂപ
2. അഞ്ച് വർഷം സർവ്വീസ് ഉള്ള നോൺ-മെട്രിക്കുലേറ്റ്—1269 രൂപ
3. 10 വർഷം സർവ്വീസുള്ള നോൺ-മെട്രിക്കുലേറ്റ്—1300 രൂപ
4. മെട്രിക്കുലേറ്റ്—1300 രൂപ
5. അഞ്ച് വർഷം സർവ്വീസുള്ള മെട്രിക്കുലേറ്റ്—1331 രൂപ
6. 10 വർഷം സർവ്വീസുള്ള മെട്രിക്കുലേറ്റ്—1363 രൂപ.

(ബി, സി) ഐ.സി.ഡി.എസ്. പദ്ധതി ഒരു 100% കേന്ദ്രാവിഷ്കൃത പദ്ധതിയാകയാൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. 1-4-2002 മുതൽ മുൻകാല പ്രാബല്യത്തോടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് 12-3-2003-ലെ ജി.ഒ. (ആർടി.) 126/2003/സാക്ഷേവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അംഗൻവാടി വർക്കർമാർക്ക് ഇതിൻപ്രകാരം പ്രതിമാസം 500 രൂപയുടേയും ഹെൽപ്പർമാർക്ക് 240 രൂപയുടേയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും നൽകിവരുന്ന ഓണറേറിയം

166 [2646] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും നൽകിവരുന്ന ഓണറേറിയം എത്രയാണെന്നും ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന സർക്കാർ ഏറ്റവും അവസാനം പ്രഖ്യാപിച്ച ഓണറേറിയത്തിന്റെ വർദ്ധനവ് എത്രയാണ്; എന്നുമുതലാണ് ഇത് പ്രാബല്യം നൽകുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വർദ്ധിപ്പിച്ച ഈ ഓണറേറിയം നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) അംഗൻവാടി ജീവനക്കാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതുമൂലം അവരുടെ അംഗൻവാടികളിലെ ചുമതലകൾക്ക് തടസ്സം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് അനുവദിച്ച അംഗൻവാടികളിൽ ഓരോ ജില്ലയിലും ഇനിയും പ്രവർത്തനം ആരംഭിക്കാത്ത അംഗൻവാടികൾ എത്രയെണ്ണം വീതമാണെന്ന് വെളിപെടുത്തുമോ?

ഉത്തരം

(എ) വിവരം ചുവടെ കൊടുത്തിരിക്കുന്നു:

1. വർക്കർമാർ

(എ)	എസ്. എസ്. എൽ. സി. വിജയിക്കാത്തവർ	.. 1238
(ബി)	എസ്. എസ്. എൽ. സി. വിജയിക്കാത്ത, 5 വർഷം സേവനം പൂർത്തിയാക്കിയവർ	.. 1269
(സി)	എസ്. എസ്. എൽ. സി. വിജയിക്കാത്ത 10 വർഷം സേവനം പൂർത്തിയാക്കിയവർ	.. 1300
(ഡി)	എസ്.എസ്.എൽ.സി. വിജയിച്ചവർ	.. 1300
(ഇ)	എസ്.എസ്.എൽ.സി. വിജയിച്ച, 5 വർഷം സേവനം പൂർത്തിയാക്കിയവർ	.. 1331
(എഫ്)	എസ്. എസ്. എൽ. സി. വിജയിച്ച, 10 വർഷം സേവനം പൂർത്തിയാക്കിയവർ	.. 1363

2. ഹെൽപ്പർമാർ—800 രൂപ ഇതിൽ 300 രൂപ സംസ്ഥാന സർക്കാർ വിഹിതവും ശേഷിക്കുന്ന തുക കേന്ദ്ര സർക്കാർ വിഹിതവുമാണ്.

(ബി) 100 രൂപയുടെ വർദ്ധനവാണ് പ്രഖ്യാപിച്ചത്. ഇതിന് 1-4-2001 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(സി) നൽകി തുടങ്ങി.

(ഡി) ഉണ്ട്.

(ഇ) പ്രവർത്തനം ആരംഭിക്കാത്ത അംഗൻവാടികളുടെ വിവരം ചുവടെ കൊടുത്തിരിക്കുന്നു:

തിരുവനന്തപുരം	..	311
കൊല്ലം	..	96
പത്തനംതിട്ട	..	177
എറണാകുളം	..	246
പാലക്കാട്	..	75
മലപ്പുറം	..	19
കോഴിക്കോട്	..	109

LIBRARY ARCHIVES Kerala Legislative Assembly